പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 145 — 11/02/2013- ൽ മറുപടിക്ക്

## കാലിസമ്പത്തിൽ കുറവ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി:<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ. സി. മോയിൻകുട്ടി: | ശ്രീ. കെ.പി മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| (എ) പാലിന്റെ ആവശ്യകത ഏറുമ്പോൾ സംസ്ഥാനത്തെ കാലിസമ്പത്തിൽ കുറവുവരുന്ന സ്ഥിതിവിശേഷം സൃഷ്ടിക്കുന്ന ഗുരുതരപ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) ഓരോ കന്നുകാലി കാനേഷുമാരി (കന്നുകാലി സെൻസസ്) യിലും കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു. (2000-ലെ സെൻസസിൽ 24.90 ലക്ഷം , 2003 -ലെ സെൻസസിൽ 21.22 ലക്ഷം, 2007-ലെ സെൻസസിൽ 17.40 ലക്ഷം) കാലിസമ്പത്തിന്റെ കുറവ് മൂലം പാലിന്റെ ഉത്പാദനത്തിൽ കുറവ് ഉണ്ടാകാതിരിക്കുന്നതിന് സർക്കാർ ഫലപ്രദമായ ഇടപെടലുകൾ നടത്തിവരുന്നു. |
| (ബി) എങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; അവ വിലയിരുത്തിയിട്ടുണ്ടോ; ഇവ കണക്കിലെടുത്ത് ആവശ്യമായ പുനരുദ്ധാരണ നടപടികൾ സ്വീകരിക്കുമോ? | (ബി) കാലിസമ്പത്ത് കുറയുന്നത് പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങളാലാണ്:<br>1. കാലിത്തീറ്റയുടെ ഗണ്യമായ വില വർദ്ധന<br>2. പാലിന് ഉൽപ്പാദനച്ചെലവനുസരിച്ച് വില ലഭിക്കാത്തത്.<br>3. ദ്രുതഗതിയിലുള്ള നഗരവത്ക്കരണം<br>4. വർദ്ധിച്ച കൂലിച്ചെലവ്<br>5. പുൽകൃഷി ചെയ്യുന്നതിനുള്ള തരിശു ഭൂമിയുടെ ലഭ്യതകുറവ്<br>6. മൃഗസംരക്ഷണ മേഖലയിലുള്ള ബാങ്ക് വായ്പകളിൻമേൽ ഈടാക്കുന്ന ഉയർന്ന പലിശനിരക്ക്.<br>7. മെച്ചപ്പെട്ട മറ്റുതൊഴിലവസരങ്ങൾ<br>8. പാലിന്റെ ഉപഭോഗം കൂടിവരുന്നത്<br>മേൽപ്പറഞ്ഞ കാരണങ്ങൾ വിലയിരുത്തി ആവശ്യമായ പുനരുദ്ധാരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ